## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3249 | | 13.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക്ക് ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.കെ. ശശി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പ്ലാസ്റ്റിക്ക് ഉപയോഗം മനുഷ്യർക്കും പ്രകൃതിയ്ക്കും മറ്റു ജീവജാലങ്ങൾക്കും എപ്രകാരം അപകടകരമായി മാറുന്നുവെന്ന് ഈ സർക്കാർ പഠനം നടത്തിയോ;വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) | സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവ നിരോധിക്കാൻ പ്രഖ്യാപനം നടത്തുമ്പോൾ പല ഉല്പന്നങ്ങളും പ്ലാസ്റ്റിക് കവറിൽ തന്നെ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;എങ്കിൽ ഇവ നിയന്ത്രിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;വിശദമാക്കുമോ; | (ബി) | ഉണ്ട്. 2016 മാർച്ച് 18 ന് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥ വ്യതിയാന വകുപ്പ് പുറത്തിറക്കിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ 576/ഡിസി1/16/തസ്വഭവ തീയതി 24.09.2016).<br>2014 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് 219 (W) പ്രകാരം സാധനങ്ങൾ കൊണ്ടുപോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും നിയന്ത്രണവും പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈ കാര്യം ചെയ്യലും സംബന്ധിച്ച് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചിട്ടുണ്ട്. അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (സി) | ഫ്രീസർ ഉപയോഗിച്ച് സംരക്ഷിക്കുന്ന ഉല്പന്നങ്ങളും ഐസ് ഉപയോഗിച്ച് സംരക്ഷിച്ചു വിപണനം നടത്തുന്ന മത്സ്യം തുടങ്ങിയവയും പ്ലാസ്റ്റിക് കവറിൽ നല്കുന്നത് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എപ്രകാരം വിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്; | (സി) | ഇല്ല. |
| (ഡി) | ഇത്തരുണത്തിൽ പ്ലാസ്റ്റിക് നിരോധനം പൂർണ്ണമായി നടപ്പാക്കുവാൻ കഴിയുമോ; എങ്കിൽ എന്ന് എന്നും അനുവദനീയമായ വിപണന ആവശ്യങ്ങൾക്ക് അംഗീകൃത പ്ലാസ്റ്റിക് കവറുകൾ (ജൈവമുൾപ്പെടെ) ക്ക് അംഗീകാരം നൽകുന്നതും പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇല്ല. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിനെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ